# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4708 18/12/2014-ലെ മറുപടിക്ക്**

**2011-ൽ സംസ്ഥാനത്ത് അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. അജിത് | | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | 2011 ൽ സംസ്ഥാനത്ത് എത്ര ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) | 2011-ൽ സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂളുകളിൽ 550 ബാച്ചുകൾ അനുവദിച്ചു. |
| (ബി) | ഏതു വർഷമാണ് ഇതിലേയ്ക്കുള്ള അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചതെന്നും ഇതനുസരിച്ച് ഏതൊക്കെ സ്കൂളുകളിൽ എത്ര തസ്തിക വീതമാണ് അനുവദിച്ചതെന്നും വെളിപ്പെടുത്തുമോ; | (ബി) | 2013 ലും 2014 ലുമാണ് തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായത്. വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | തസ്തികകൾ സൃഷ്ടിക്കുന്ന തീയതിക്ക് മുൻപ് ഏതെങ്കിലും സ്കൂളുകൾ അദ്ധ്യാപക നിയമനം നടത്തിയതിന് ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലുള്ള നിയമനങ്ങൾക്കാണ് ഇളവ് നൽകിയതെന്നും, ഇത് ഏതെല്ലാം സ്കൂളുകൾക്കാണെന്നും, ഇളവ് നൽകിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ; | (സി) | താഴെപറയുന്ന കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്കാണ് ഇളവുകൾ നൽകിയത്.<br>1. കോർപ്പറേറ്റ് മാനേജർ, ഡയോസിസ് ഓഫ് കാഞ്ഞിരപ്പള്ളി.<br>2. കോർപ്പറേറ്റ് മാനേജർ, ഡയോസിസ് ഓഫ് ആലപ്പുഴ.<br>3. കോതമംഗലം കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി.<br>4. കോർപ്പറേറ്റ് മാനേജർ, ഡയോസിസ് ഓഫ് ഇടുക്കി.<br>കൂടാതെ താഴെപറയുന്ന സ്കൂളുകൾക്കും ഇളവുകൾ നൽകിയിട്ടുണ്ട്.<br>1. നിർമ്മല ഹയർ സെക്കന്ററി സ്കൂൾ, എരുമമുണ്ട.<br>2. ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കൂമ്പൻപാറ<br>ഉത്തരവിന്റെ പകർപ്പ് അനുബന്ധം II |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

ആയി ചേർക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | സർക്കാർ തസ്തിക സൃഷ്ടിച്ച് വിജ്ഞാപനമിറക്കും മുൻപ് സ്കൂളുകൾ നിയമന ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ അത് നിയമവിരുദ്ധമാണോയെന്നു പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ മറ്റ് സ്കൂളുകൾക്ക് ലഭിക്കാത്ത ആനുകൂല്യം ചില സ്കൂളുകൾക്ക് മാത്രം ലഭിച്ചത് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടാൽ സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; | (ഇ) | അധികസാമ്പത്തികബാധ്യത ഉണ്ടാകും. |
| (എഫ്) | മുൻകാല പ്രാബല്യത്തിൽ തസ്തിക അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിലേക്ക് എത്ര രൂപ അധികബാധ്യത വരുമെന്ന് വ്യക്തമാക്കുമോ ? | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ